ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിലുള്ള പാദവർഷത്തിൽ ലൈസൻസിയുടെ പക്കലുള്ള കരുതൽ ധന മുൻ സാമ്പത്തിക വർഷത്തിലെ പ്രതിമാസ ശരാശരി ബിൽ ധനയുടെ നിശ്ചിത മടങ്ങിനു തുല്യമാണോ എന്ന് പരിശോധിക്കുന്നതും കരുതൽ നിക്ഷേപത്തുക അധികമാണെങ്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നതും (പരമാവധി രണ്ടു ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതും) നിക്ഷേപത്തുക കുറവാണെങ്കിൽ ഉപഭോക്താവിന്റെ പക്കൽ നിന്നും കുറവുള്ള ധന ഈടാക്കുന്നതുമാണ്. കൂടാതെ ലൈസൻസിയുടെ പക്കലുള്ള കരുതൽ നിക്ഷേപത്തിന്, ബാങ്ക് നിരക്കിലുള്ള പലിശ ലൈസൻസി നൽകേണ്ടതാണ്.

കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ

18 (385) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യിൽ 2015 നവംബർ 30 വരെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട് ; കാറ്റഗറി തിരിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകുമോ ;

(ബി) കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ കെ.എസ്.ഇ.ബി. യിൽ നിലവിൽ ജോലി ചെയ്തു വരുന്നുണ്ട് ; വിശദവിവരം നൽകുമോ ;

(സി) ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 3586 തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) രണ്ടു പേർ

1. ചീഫ് ഇന്റേണൽ ആഡിറ്റർ
2. ലാൻഡ് കോ-ഓർഡിനേറ്റർ

സ്ഥിരം ജീവനക്കാരുടെ സേവനം മാത്രം ഉപയോഗിച്ച് വിതരണ വിഭാഗത്തിലെ എല്ലാ ജോലികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ പല പ്രവൃത്തികളും കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കുന്നുണ്ട്. എന്നാൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നില്ല.

(സി) ചീഫ് ഇന്റേണൽ ആഡിറ്റർ, ചീഫ് പേഴ്സണൽ ഓഫീസർ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly